

## ഡൺസ്റ്റനച്ചൻ –
## എന്റെ ഇളയപ്പനച്ചന്റെ ഗുരുവചനം

സിസ്റ്റർ ലിസി മരിയ FCC

എന്റെ പ്രിയപ്പെട്ട അപ്പന്റെ മരണത്തിനു ശേഷമാണ് ഞാൻ ഇളയപ്പനച്ചന്റെ ആത്മീയ പിതൃത്വം അനുഭവിക്കുന്നത്. കാരണം അതിനു മുമ്പ് ഞാൻ തികച്ചും ഒരു ലൗകീക ജീവിതമാണ് നയിച്ചിരുന്നത്. പഠിക്കണമെന്നും ആകർഷണീയമായവിധത്തിൽ ജീവിക്കണമെന്നും മാത്രമേ വിചാരമുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ എന്റെ ജീവിത ശൈലിയും കാഴ്ചപ്പാടും മനോഭാവവും ഇളയപ്പനച്ചനിൽ നിന്ന് തികച്ചും ഭിന്നമായിരുന്നു. ഒരു സർവ്വസംഗപരിത്യാഗി, ലോകത്തിന്റേതായ ഒരാകർഷണവും ഇല്ലാത്ത വ്യക്തി. പക്ഷെ, എന്തോ ഒന്ന് ഇളയപ്പനച്ചനെ കാണുമ്പോൾ എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. കാരണം എപ്പോഴും സൗമ്യവും പുഞ്ചിരി ക്കുന്നതുമായ മുഖം, പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന വ്യക്തി, തന്റെ സന്യാസ ശ്രമത്തിലേക്കുള്ള ഓട്ടം.

*ദൈവവിളി ലഭിച്ചതിനു ശേഷം*

അപ്പന്റെ മരണത്തിന്റെ ദിനമായിരുന്നു എന്നെ ദൈവം വിളിച്ചത്. ശവസംസ്കാരം കഴിയുന്നതിനു മുൻപേ ഞാൻ കുഞ്ഞേട്ടനോട് (ബ്ര. സാവിയോ ) പറഞ്ഞു, ഞാൻ സിസ്റ്ററാകാൻ പോകുകയാണെന്ന്. പലരും എന്നോട് അത് ശരിയായ തിരഞ്ഞെടുപ്പല്ലന്നും രണ്ടു കൊല്ലം പഠിച്ചിട്ട് പോയാൽ മതിയെന്നും പറഞ്ഞു. പക്ഷേ ഇളയപ്പനച്ചനാണ് അവസാനം സഹായിച്ചത്, 'അവൾക്ക് വിളിയുണ്ടെങ്കിൽ പിന്നെ വൈകേണ്ട കാര്യമില്ല. അവൾ ഇപ്പോൾ തന്നെ പോയികൊള്ളട്ടെ'. എല്ലാവരും അത് സമ്മതിച്ചു. തന്റെ സഹോദര പുത്രിയിൽ ദൈവം പാകിയ ദൈവവിളി എന്ന വിത്തിനെ പിന്നീട് ഇളയപ്പനച്ചൻ ഉപദേശങ്ങളും സന്ദർശനങ്ങളും കത്തുകളും മുഖേന വളർത്തി യെടുത്തു.

*തളരുമ്പോൾ ആശ്വാസവാക്കുകളുമായി ഇളയപ്പനച്ചൻ*

ഫോർമേഷൻ പിരീയഡിൽ എന്നെ പഠിക്കാൻ വിട്ടു. എനിക്ക് എന്റെ കൂട്ടുകാരിൽ നിന്ന് അകലുന്നതിന്റെ ദുഃഖം ഇളയപ്പനച്ചൻ അറിഞ്ഞ് ആശ്വാസവാക്കുകളുമായി ഓടിയെത്തി എന്നോട് പറഞ്ഞു, നിന്റെ കൂട്ടുകാരികളുടെ ഹൃദയമാകുന്ന വിളക്കിൽ ദൈവസ്നേഹ മാകുന്നു എണ്ണ നിറഞ്ഞു. നിന്റേത് നിറയുന്നതുവരെ

കാത്തിരിക്കുക, വിഷമിക്കേണ്ട . എൻറെ കൊച്ചു തെറ്റുകൾ പോലും ഇളയപ്പച്ചനെ അറിയിക്കാൻ എനിക്ക് സ്വാതന്ത്ര്യ മുണ്ടായിരുന്നു. ധാരാളം ഉപദേശങ്ങളും പ്രോത്സാഹനവും തന്ന് എനിക്ക് കത്തിന് മറുപടി അയച്ചിരുന്നു. വായിച്ചതിനു ശേഷം ഞാൻ കത്തുകളൊന്നും സൂക്ഷി ച്ചുവെച്ചില്ല. ആരറിഞ്ഞു ഈ കത്തുകൾ ഭാവിയിലെ ഒരു വിശുദ്ധന്റേതാണെന്ന് . ഇന്ന് അതെന്റെ ദുഃഖമായി മാറി.

*ഹൃദയ ഭാവങ്ങൾ ദൂരെ നിന്ന് അറിയുന്ന ഇളയപ്പനച്ചൻ*

ഞാൻ, കേരളവർമ്മ കോളേജിൽ, ഫോർ മേഷൻ സമയത്ത്, എം.എസ്.സി. പരീക്ഷ യിൽ ആദ്യത്തെ പരീക്ഷ കഴിഞ്ഞ പ്പോൾ തോൽക്കും എന്ന് തോന്നി ഭയപ്പെടു കയും നിരാശപ്പെടുകയും ചെയ്തു. കോൺവെന്റിൽ മുറി അടച്ചിരുന്ന് കരയു കയായിരുന്നു. അപ്പോഴതാ കോയമ്പ ത്തൂരിൽനിന്ന് ഇളയപ്പനച്ചൻ എന്നെ കാണാൻ വന്നിരിക്കുന്നു. എല്ലാം ഞാൻ തുറന്നു പറഞ്ഞു. എന്നെ ആശ്വസിപ്പിച്ച് അച്ചൻ പറഞ്ഞു, കഴിഞ്ഞത് ദൈവ ത്തിന് സമർപ്പിക്കുക, ഇനിയു ള്ളതിന് നന്നായി ഒരുങ്ങുക, എനിക്ക് ആശ്വാ സമായി. ഞാൻ തോൽക്കുമെന്ന് ഭയപ്പെട്ട പരീക്ഷയിൽ ജയിക്കുകയും ചെയ്തു.

*നോവിഷ്യറ്റു കാലത്തെ അനുഭവം*

മരത്താക്കരയിൽ ഞങ്ങളെ കാണാൻ ഒരിക്കൽ അച്ചൻ വന്നു. അപ്പോൾ ഞങ്ങൾക്ക് നൽകിയ ഉപദേശങ്ങൾ ഇപ്രകാരമാണ്, 'ദാവീദിനെ എനിക്ക് വളരെ ഇഷ്ടമാണ്, സങ്കീർത്തനങ്ങൾ ചൊല്ലി നിങ്ങളും പ്രാർത്ഥിക്കണം , ബൈ ബിളും ക്രിസ്താനുകരണവും മാത്രം വായിച്ച് ധ്യാനിച്ചാലും മതിയാകും'. പിന്നീട് പറഞ്ഞുതന്ന സുകൃതജപങ്ങൾ ഇപ്രകാ രമായിരുന്നു , '1) ഈശോയുടെ തിരു ഹൃദയമേ, നീ എന്റെ യഥാർത്ഥ ആനന്ദ മായിരിക്കേണമേ.

2) പരിശുദ്ധാത്മാവേ എന്നിൽ വസിക്കണമേ, അങ്ങയിൽ വസിക്കാൻ എന്നെ സഹായിക്കണമേ. സന്യാസ ജീവിതത്തിൻെറ എല്ലാ ഘട്ടങ്ങളിലും അച്ചൻ എനിക്ക് മാർഗദർശിയായിരുന്നു.

*പ്രലോഭനങ്ങളെ തിരിച്ചറിയുന്ന അച്ഛൻ*

സഭവിട്ട് കൂടുതൽ തീഷ്ണതയോടെ ഈശോയ്ക്ക് വേണ്ടി ജീവിക്കാനുള്ള ആഗ്രഹം ഉണ്ടായപ്പോൾ ഞാൻ ഇളയപ്പനച്ഛനെ അറിയിച്ചു. എന്റെ ആഗ്രഹം ആത്മാവിന്റെ പ്രേരണ യായിട്ടാണ് ഞാൻ കണക്കാക്കിയത്. പക്ഷേ തന്റെ സഹോദരപുത്രിയെ സാത്താൻ പ്രലോഭിപ്പിക്കുന്നു എന്ന് മനസ്സിലാക്കിയ ഇളയപ്പച്ചൻ, അന്നത്തെ ബിജ്നോർ ബിഷപ്പിന് കത്തയച്ച് എന്നെ സഹായിക്കാൻ പറഞ്ഞു. തന്മൂലം ഞാൻ ആ ശക്തമായ പ്രലോഭനത്തിൽ നിന്നും സാത്താന്റെ തന്ത്രത്തിൽ നിന്നും രക്ഷപ്പെട്ടു.

ഇളയപ്പച്ചന്റെ ശരിയായ ഓർമ്മ നഷ്ടപ്പെട്ട അവസരത്തിൽ ഞാനും വലിയേട്ടനും അമ്മയും സഹോദര ങ്ങളും കാണാൻ ചെന്നു. ഞങ്ങളെ തിരിച്ചറിയാൻ സാധിച്ചില്ല. പക്ഷേ ഞങ്ങ ളുടെ കൂടെ വീട്ടിലേക്ക് പോരുന്നോ എന്ന് ചോദിച്ചപ്പോൾ ഉടനെ ഒരു കൊച്ചുകുട്ടി യെപ്പോലെ പ്രിയോരച്ഛനോട് അനുമതി ചോദിച്ചു. മുഖം അപ്പോഴും പ്രസന്ന മായിരുന്നു. പ്രിയോരച്ചൻ മുടക്കി യപ്പോൾ സന്തോഷത്തോടെ സ്വീകരിച്ച് പള്ളിയിൽ പോയി മുട്ടിൻ മേൽനിന്ന് ധാരാളം സമയം പ്രാർത്ഥിക്കുന്ന ഇളയപ്പ ച്ചനെയാണ് കണ്ടത്. ജീവിതകാലം മുഴുവനും അനുസരണവും കിഴ്‌വഴ ക്കവും തപസ്യയും പരിശീലിച്ച ഒരു സന്യാസവര്യൻ ആയിരുന്നു എന്റെ ഇളയപ്പനച്ചൻ ... ഡൺസ്റ്റണച്ചൻ.